(ബി) വ്യത്യസ്ത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സങ്കീർണ്ണതകൾ ഒഴിവാക്കി സംരംഭകന് ലളിതമായ നടപടി ക്രമങ്ങളിലൂടെ പരമാവധി സാമ്പത്തിക സഹായം നൽകുക എന്നതാണ് സംരംഭകത്വ സഹായ പദ്ധതി മുഖേന ലക്ഷ്യമിടുന്നത്.

ശരിയായ സംരംഭകരെ തിരിച്ചറിഞ്ഞ് അവർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക, വ്യവസായ സംരംഭത്തിനായി നടത്തുന്ന നിക്ഷേപത്തിന് ഒറ്റത്തവണ ആനുകൂല്യം നൽകി സഹായിക്കുക, പ്രോജക്ടുകളെ സംബന്ധിച്ച ആശയങ്ങൾ, നടത്തിപ്പ് നിർവ്വഹണം, നിർവ്വഹണ സാദ്ധ്യത എന്നിവയെ സംബന്ധിച്ച ഉപദേശം നൽകുക തുടങ്ങി സൂക്ഷ്മ-ഇടത്തര-ചെറുകിട സംരംഭങ്ങളുടെ സമഗ്ര പുരോഗതി ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

(സി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയാണ് ഈ പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

ബി.എസ്.ഇ.എസ്. താപനിലയവുമായുള്ള വൈദ്യുതി വാങ്ങൽ കരാർ

20 (*50) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിലയൻസ് ഗ്രൂപ്പിന്റെ ബി.എസ്.ഇ.എസ്. താപനിലയവുമായുള്ള വൈദ്യുതി വാങ്ങൽ കരാർ രണ്ടുവർഷം കൂടി നീട്ടുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഉയർന്ന വിലയുള്ള വൈദ്യുതി കെ.എസ്.ഇ.ബി. വാങ്ങിയിട്ടില്ലെങ്കിലും കരാർ പ്രകാരമുള്ള ഫിക്സഡ് കോസ്റ്റായി മാസംതോറും നൽകേണ്ട തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കരാർമൂലം കെ.എസ്.ഇ.ബി.-ക്ക് കടുത്ത സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നത് കണക്കിലെടുത്ത് ഇതിൽ നിന്നും ഒഴിവാകുന്ന കാര്യം പരിഗണിക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡിന്റെ കൊച്ചിയിലുള്ള പവർ പ്ലാന്റുമായിട്ടുണ്ടായിരുന്ന വൈദ്യുതി വാങ്ങൽ കരാറിന്റെ കാലാവധി 31-10-2015-ന് അവസാനിച്ച സാഹചര്യത്തിൽ ആയത് നാഫ്ത ഇന്ധനമാക്കി നിലനിർത്തിക്കൊണ്ട് ചില നിബന്ധനകൾക്ക് വിധേയമായി 2 വർഷത്തേക്ക് കൂടി നീട്ടാൻ 20-5-2015-ൽ ചേർന്ന കെ.എസ്.ഇ.ബി. ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. ഈ രണ്ട

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിനിടയിൽ ഗ്യാസ് മാർക്കറ്റിലുള്ള അനിശ്ചിതത്വവും, ഇന്ധനം പ്രകൃതി വാതകത്തിലേക്ക് മാറ്റുന്നതിനുള്ള ചെലവും മറ്റ് പ്രതിബന്ധങ്ങളും കണക്കിലെടുത്തു കൊണ്ട് ഇന്ധനം പ്രകൃതി വാതകത്തിലേക്ക് മാറ്റുന്നതിനുള്ള മാർഗ്ഗങ്ങളും നടപ്പിലാക്കേണ്ടതാണെന്നും പ്രസ്തുത പ്ലാന്റ് കാലപ്പഴക്കംമൂലം വിലയിടിവ് (depreciation) വന്നിട്ടുള്ളതിനാൽ നിലവിലെ താരിഫും മറ്റു നിബന്ധനകളും കാലാനുസൃതമായി മാറ്റിക്കൊണ്ടായിരിക്കണം വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെടേണ്ടതെന്നും ഡയറക്ടർ ബോർഡ് യോഗം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതി വാങ്ങൽ കരാർ പുതുക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നത് കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതിക്ക് വിധേയമായിട്ടാണ്. ഇക്കാര്യം റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്. അന്തിമ അനുമതി ലഭിച്ചിട്ടില്ല.

(ബി) നിലവിലുള്ള കരാർ പ്രകാരം 2015 ഒക്ടോബർ 31-ന് അവസാനിച്ച വർഷത്തിൽ ഫിക്സഡ് ചാർജ്ജായി യൂണിറ്റൊന്നിന് 0.6204 രൂപ നൽകിയിരുന്നു. ആയത് പ്രതിമാസം 5.69 കോടി രൂപയായിരുന്നു.

(സി) കേരളത്തിന്റെ മൊത്തം വൈദ്യുത ഉപയോഗത്തിന്റെ ഏകദേശം 70 ശതമാനത്തോളം വൈദ്യുതി കേരളത്തിന് പുറത്തുനിന്നാണ് ലഭ്യമാക്കുന്നത്. ഇതിൽ ഹരിയാന, ഒറീസ, ഛത്തീസ്ഗഡ് എന്നിവിടങ്ങളിൽ നിന്നും വൈദ്യുതി വാങ്ങുന്നുണ്ട്. ആയതിനാൽ ഏതെങ്കിലും സാഹചര്യത്തിൽ പുറത്തുനിന്നും വരുന്ന പ്രസരണ ലൈനുകൾ ലഭ്യമാകാതിരുന്നാൽ കേരളത്തിൽ ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് എന്നിവ ഏർപ്പെടുത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. കൂടാതെ ഏതെങ്കിലും കാരണവശാൽ മഴയുടെ ലഭ്യത കുറവ് മൂലം കേരളത്തിനകത്ത് വൈദ്യുതി ഉൽപ്പാദനം കുറഞ്ഞാലും മേൽപ്പറഞ്ഞ സാഹചര്യം തന്നെയായിരിക്കും. കൂടുതൽ വൈദ്യുതി ലഭിക്കുന്നതിനായി വിവിധ ഉൽപ്പാദകരുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും പ്രസരണ ലൈനിന്റെ ലഭ്യത ഇനിയും ഉറപ്പായിട്ടില്ല. മഴ കുറയുകയോ പുറത്തുനിന്നുള്ള പ്രസരണ ലൈനുകളിൽ എന്തെങ്കിലും പ്രശ്നം സംഭവിക്കുകയോ ചെയ്താൽ കേരളത്തിനകത്ത് രൂക്ഷമായ വൈദ്യുതി ക്ഷാമമായിരിക്കും. കേരളം ഇരുട്ടിലാവുന്ന സാഹചര്യം ഒഴിവാക്കാൻ വേണ്ടിയാണ് അധിക സാമ്പത്തിക ബാധ്യത പരിഗണിക്കാതെ ഈ സാഹചര്യത്തിൽ പകരം ഉപയോഗിക്കാവുന്ന (stand by) പ്ലാന്റായി BKPL പ്ലാന്റിനെ നിലനിർത്താൻ ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചത്. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അന്തിമ അനുമതിക്ക് വിധേയമായിട്ടു മാത്രമേ വൈദ്യുതി വാങ്ങൽ കരാർ പുതുക്കുന്നത് സാധ്യമാകുകയുള്ളൂ. വൈദ്യുതി വാങ്ങൽ കരാർ ദീർഘിപ്പിക്കുന്ന കാര്യം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്. കരാർ പുതുക്കുന്ന കാര്യത്തിൽ സർക്കാർ ഇതുവരെ തീരുമാനം കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly